## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നംപർ: 255 — 11/06/2012 – ൽ മറുപടിയ്ക്ക്

### ജയിലുകളിലെ മൊബൈൽ ജാമറുകൾ

| ചോദ്യം<br>ശ്രീ. എ.എ. അസീസ് | മറുപടി<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ ജയിലുകളിൽ ജയിൽ ചട്ടങ്ങൾക്ക് വിരുദ്ധമായ പ്രവർത്തനങ്ങൾ ജയിൽ പുള്ളികൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) അനധികൃത മൊബൈൽ ഉപയോഗം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ജയിലുകളിൽ മൊബൈൽ ജാമറുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ; | (ബി) അനധികൃത മൊബൈൽ ഫോൺ ഉപയോഗം നിയന്ത്രിക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയ്ക്ക് കണ്ണൂർ സെൻട്രൽ ജയിലിൽ മൊബൈൽ ഫോൺ ജാമറുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (സി) ജയിലുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | (സി) അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

I) "ജയിലുകളുടെ നവീകരണം" എന്ന വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 2012-13 വർഷം ചുവടെ ചേർക്കുന്ന വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിലേയ്ക്കായി നടപ്പുവർഷം 1,30,00,000/-രൂപ വകയിരുത്തിയിട്ടുണ്ട്.

| ക്രമ നം. | ഇനം | തുക രൂപയിൽ |
|---|---|---|
| 1 | 7 മിനി ആംബുലൻസുകൾ വാങ്ങുന്നതിന് | 38,50,000 |
| 2 | 14 മോട്ടോർ ബൈക്കുകൾ വാങ്ങുന്നതിന് | 7,00,000 |
| 3 | 9 ജയിലുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് | 62,00,000 |
| 4 | 3 ജയിലുകളിൽ മഴവെള്ള സംഭരണികൾ സ്ഥാപിക്കുന്നതിന് | 9,00,000 |
| 5 | തിരുവനന്തപുരം സെൻട്രൽ ജയിലിൽ സി.സി.റ്റി.വി സംവിധാനം സ്ഥാപിച്ച വകയിൽ കെൽട്രോണിന് കൊടുക്കുവാനുള്ള തുക | 9,24,859 |
| 6 | കണ്ണൂർ സബ് ജയിലിൽ പാചക വാതക സംവിധാനം സ്ഥാപിക്കുന്നതിന് | 67,770 |
| 7 | എറണാകുളം ജില്ലാ ജയിലിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് | 2,90,000 |
| 8 | നെട്ടുകാൽത്തേരി തുറന്ന ജയിലിൽ സ്ഥാപിച്ചിട്ടുള്ള ബയോഗ്യാസ് പ്ലാന്റിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് | 67,859 |
| | ആകെ | 1,30,00,488 |
| | നിജപ്പെടുത്തിയ തുക | 1,30,00,000/- |

II) 13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി ചുവടെ ചേർക്കുന്ന വികസന പ്രവർത്തനങ്ങളാണ് 2012-13 വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

| ക്രമ നം. | ഇനം | തുക രൂപയിൽ |
|---|---|---|
| 1 | ജയിലുകളിൽ ചുറ്റുമതിലുകളുടെ നിർമ്മാണം | 8,05,00,000 |
| 2 | ജയിലുകളിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം സ്ഥാപിക്കുന്നതിന് | 15,00,00,000 |
| 3 | ജയിലുകളിൽ സി.സി.റ്റി.വി. സംവിധാനം സ്ഥാപിക്കുന്നതിന് | 4,00,00,000 |
| 4 | നെയ്യാറ്റിൻകര സ്പെഷ്യൽ സബ് ജയിൽ ആരംഭിക്കുന്നതിന് | 5,00,00,000 |
| 5 | പാലക്കാട് ജില്ലാ ജയിൽ സ്ഥാപിക്കുന്നതിന് | 5,00,00,000 |
| 6 | ജയിലുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് | 8,01,00,000 |
| 7 | തടവുകാർക്ക് പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് | 3,10,00,000 |

(signature)
സെക്ഷൻ ഓഫീസർ